# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1074 01/07/2015-ലെ മറുപടിക്ക്

**<u>ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപക ഒഴിവുകൾ</u>**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കണ്ടറി കോമേഴ്സ് (സീനിയർ/ജൂനിയർ, നോൺ വൊക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്സ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | (എ) ഹയർ സെക്കണ്ടറി കോമേഴ്സ് (സീനിയർ) അദ്ധ്യാപകരുടെ 32 ഒഴിവുകളും ഹയർ സെക്കണ്ടറി കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ 358 ഒഴിവുകളും നോൺ വൊക്കേഷണൽ കൊമേഴ്സ് (സീനിയർ) അദ്ധ്യാപകരുടെ 21 ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നോൺ വൊക്കേഷണൽ വിഭാഗത്തിലെ 21 ഒഴിവുകളിൽ 17 എണ്ണം നേരിട്ടുള്ള നിയമനത്തിനും 4 എണ്ണം മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും ബൈടാൻസ്ഫർ മുഖാന്തിരമുള്ള നിയമനത്തിനുള്ളതാണ്. |
| (ബി) ഇതിൽ സീനിയർ ജൂനിയർ വിഭാഗങ്ങളിലായി എത്ര പേരെ പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഹയർ സെക്കണ്ടറി കോമേഴ്സ് (സീനിയർ) വിഭാഗത്തിൽ 32 പേരേയും, ജൂനിയർ വിഭാഗത്തിൽ 356 പേരേയും വൊക്കേഷണൽ വിഭാഗത്തിൽ 17 പേരേയും പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത തസ്തികകളിലെ എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) നടപടി സ്വീകരിച്ചുവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ